REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-06-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ ബലി പെരുന്നാളിന് ശേഷം ഇന്ന് പരസ്യപ്രചാരണം പുന:രാരംഭിക്കും.**
- **BJP നേതാവ് രവിശങ്കർ പ്രസാദ് നയിക്കുന്ന ഓപ്പറേഷൻ സിന്ദൂർ സർവ്വകക്ഷി സംഘം ജർമ്മൻ സന്ദർശനം പൂർത്തിയാക്കി.**
- **കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കം.**
- **നിലമ്പൂർ വഴിക്കടവ് വെള്ളക്കട്ടയിൽ പന്നിക്കെണിയിൽ നിന്ന് ഷോക്കേറ്റ് വിദ്യാർത്ഥി മരിച്ചു - ഒരാൾക്ക് സാരമായ പരിക്ക്.**
- **ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം അമേരിക്കൻ താരം കൊക്കോ ഗൗഫിന്. പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന്.**

## വാർത്തകൾ വിശദമായി

ബലി പെരുന്നാൾ ഇടവേളയ്ക്കുശേഷം നിലമ്പൂരിൽ ഇന്ന് ഉപതെരഞ്ഞെടുപ്പിലെ പരസ്യപ്രചാരണം പുന:രാരംഭിക്കും. മൂന്ന് മുന്നണികളുടേയും സ്ഥാനാർത്ഥികളും കക്ഷിരഹിതരും ഇന്ന് മുതൽ പ്രചാരണരംഗത്ത് വീണ്ടും സജീവമാകും. ഇന്നലെ സ്ഥാനാർത്ഥികൾ ഈദ്ഗാഹുകളിലും പള്ളികളിലുമെത്തി വോട്ടർമാരെ നേരിൽ കണ്ടിരുന്നു.

ഉപതെരഞ്ഞെടുപ്പിലെ ചെലവുകൾ നിരീക്ഷിക്കാൻ എക്സ്പെന്റിച്ചർ ഒബ്സർവർ അംഗിത് ആനന്ദ് മലപ്പുറത്തെത്തി. സ്ഥാനാർത്ഥികളുടെ ഓരോ ദിവസത്തെയും കണക്ക് സംബന്ധിച്ച് ഈ മാസം 10,13,17 തിയതികളിൽ

പരിശോധന നടത്തും. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ നാളെ നടത്തുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ കേൽക്കർ അറിയിച്ചു.

✪✪✪

BJP നേതാവ് രവിശങ്കർ പ്രസാദ് നയിക്കുന്ന ഓപ്പറേഷൻ സിന്ദൂർ സർവ്വകക്ഷി പാർലമെന്ററി സംഘം ജർമ്മൻ സന്ദർ ശനം ഇന്നലെ പൂർത്തിയാക്കി. സന്ദർശന വേളയിൽ, ഭീകരത യ്ക്കെതിരായ ഇന്ത്യയുടെ ഉറച്ചതും തത്വാധിഷ്ഠിതവുമായ നിലപാട് സംഘം ജർമൻ നേതാക്കളെ അറിയിച്ചു. പ്രതിനിധി സംഘം ബെർലിനിൽ ജർമ്മൻ ഗവൺമെന്റിലെയും പാർലമെന്റിലെയും മുതിർന്ന നേതാക്കളുമായി കൂടിക്കാഴ്ച നടത്തി.

✪✪✪

ഭക്ഷ്യ സുരക്ഷാ നിലവാര അതോറിറ്റി അമിത വണ്ണത്തിനെതിരായ ബോധവത്കരണ പരിപാടിക്ക് തുടക്കമിട്ടു. കേന്ദ്രമന്ത്രി JP നദ്ദ, ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തിന്റെ ഭാഗമായി ബംഗലൂരു നിംഹാൻസിലാണ് 'സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണശീലത്തിലൂടെ അമിതവണ്ണം നിയന്ത്രിക്കുക' എന്ന സന്ദേശത്തോടെ പരിപാടി സംഘടിപ്പിച്ചത്. ഭക്ഷ്യ എണ്ണ ഉപയോഗം 10 ശതമാനം കുറയ്ക്കുകയെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാനം നദ്ദ ഓർമ്മിപ്പിച്ചു.

2008-നും 2020-നുമിടയിൽ ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ നടത്തിയ പഠനത്തിൽ നഗരപ്രദേശങ്ങളിൽ 39 ശതമാനവും ഗ്രാമീണ മേഖലയിൽ 23 ശതമാനവും അമിത വണ്ണത്തിന്റെ പ്രശ്നം നേരിടുകയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പരിഹാര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ 2050 ഓടെ ഇന്ത്യൻ ജനസംഖ്യയുടെ മൂന്നിലൊന്ന് അമിത വണ്ണ പ്രശ്നം നേരിടേണ്ടിവരുമെന്ന് നദ്ദ മുന്നറിയിപ്പ് നൽകി.

✪✪✪

രാജ്യത്തെ കോവിഡ് ബാധിതരുടെ എണ്ണം 5,755 ലെത്തിയതായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. കേരളത്തിലാണ് കൂടുതൽ രോഗികൾ - 1,806 പേർ. 5,484 പേർ രോഗമുക്തരായി.

✪✪✪

ഇന്ന് ലോക സമുദ്രദിനം. സമുദ്ര സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും സമുദ്രങ്ങളെ സംരക്ഷിക്കാനും ലക്ഷ്യമിട്ടാണ് 2008 മുതൽ എല്ലാവർഷവും ജൂൺ 8 ലോക സമുദ്ര ദിനമായി ആചരിക്കുന്നത്.

✪✪✪

ബുധനാഴ്ച ബെംഗലൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ തിക്കിലും തിരക്കിലും മരിച്ച 11 പേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം 25 ലക്ഷം രൂപയായി ഉയർത്താൻ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഉത്തരവിട്ടു. നേരത്തെ, ഒരു കുടുംബത്തിന് 10 ലക്ഷം രൂപ വീതമായിരുന്നു നഷ്ടപരിഹാരം അനുവദിച്ചത്.

മരിച്ചവരുടെ ആശ്രിതർക്ക് റോയൽ ചലഞ്ചേഴ്സ് ബെംഗലൂരു ഫ്രാഞ്ചൈസി, 10 ലക്ഷം രൂപ വീതവും, കർണാടക സ്റ്റേറ്റ് ക്രിക്കറ്റ് അസോസിയേഷൻ 5 ലക്ഷം രൂപ വീതവും നഷ്ടപരിഹാരം നൽകും.

അതേസമയം, ദുരന്തത്തെക്കുറിച്ച് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ വകുപ്പിന്റെ പ്രത്യേക വിഭാഗം അന്വേഷണം ആരംഭിച്ചു. ബെംഗലൂരു അർബൻ ജില്ലാ ഡെപ്യൂട്ടി കമ്മീഷണറുടെ മജിസ്റ്റീരിയൽ അന്വേഷണവും പുരോഗമിക്കുകയാണ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കമാകും. ഇനി ഒരു മാസം അക്കരെ കൊട്ടിയൂരിൽ ആളും ആരവങ്ങളും നിറയും.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരന്റെ റിപ്പോർട്ട്...

...........വോയ്സ്.........

ഇന്ന് രാത്രി അക്കരെ കൊട്ടിയൂരിലെ സ്വയംഭൂവിൽ നെയ്യഭിഷേകം ചെയ്യുന്നതോടെയാണ് വൈശാഖോത്സവം ആരംഭിക്കുക. വയനാട്ടിലെ മുതിരേരിക്കാവിൽനിന്നുള്ള വാൾ വൈകിട്ടോടെ എഴുന്നള്ളിച്ച് കൊണ്ടുവരും. രാത്രിയോടെ സ്ഥാനികർ അക്കരെ പ്രവേശിച്ച് മൺതാലങ്ങളിൽ ചോതിവിളക്ക് തെളിയിയ്ക്കും. പടിഞ്ഞീറ്റ നമ്പൂതിരിയുടെ കാർമികത്വത്തിൽ പുണ്യാഹം നടത്തും. ബ്രാഹ്ണമർ മണിത്തറയിൽ പ്രവേശിച്ച് അഷ്ടബന്ധം നീക്കി രാശിവിളിച്ച ശേഷമാണ് നെയ്യാട്ടം നടക്കുക.നാളെ പുലരുംവരെ രെ നെയ്യാട്ടം നീളും. ജില്ലയിലെ വിവിധ മഠങ്ങളിൽ നിന്നുള്ള നെയ്യമൃത് സംഘങ്ങൾ കൊട്ടിയൂരിൽ എത്തിതുടങ്ങി. നാളെ രാത്രി മണത്തണ കരിമ്പന ഗോപുരത്തിൽനിന്ന് കൊട്ടിയൂരിലേക്ക് ഭണ്ഡാരം എഴു ന്നള്ളിക്കും. ചൊവ്വാഴ്ച രാവിലെ മുതൽ സ്ത്രീകൾക്ക അക്കരെ കൊട്ടിയൂരിലേക്ക് പ്രവേശനം അനുവദിക്കും.ജൂലൈനാലിന് തൃക്കലശാട്ടോടെയാണ് വൈശാഖോത്സവത്തിന് സമാപനമാവുക.

✪✪✪

KSRTC ചൊവ്വാഴ്ച  മുതൽ വിവിധ ഡിപ്പോകളിൽനിന്ന് പ്രത്യേക സർവീസ് ആരംഭിക്കും. കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ ഡിപ്പോകൾക്ക് പുറമെ പാലക്കാട്, കോഴിക്കോട്,വടകര കാസർഗോഡ് എന്നിവിടങ്ങളിൽ നിന്നും സർവീസ് ഉണ്ടാകും.

✪✪✪

കണ്ണൂർ വളപട്ടണം കളരി വാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ കളിയാട്ടത്തോടെ ഉത്തര കേരളത്തിലെ കളിയാട്ടങ്ങൾക്ക് ഇന്ന് സമാപനമാകും. ഉച്ചകഴിഞ്ഞ് ഭഗവതിയുടെ തിരുമുടി നിവരും.

21 കോൽ ഉയരവും ആറേ മുക്കാൽ കോൽ വീതിയുമാണ് തിരുമുടിക്ക്. ഇനി തുലാം 10 നാണു തെയ്യക്കാവുകൾ  വീണ്ടും സജീവമാകുന്നത്.

✪✪✪

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ മഹാ കുംഭാഭിഷേകം രാവിലെ 7.40-ന് ആരംഭിക്കും. ശ്രീകോവിലിനു മുകളിൽ താഴികക്കുടങ്ങളുടെ സമർപ്പണം, വിഷ്വക്സേന വിഗ്രഹത്തിന്റെ പുനഃപ്രതിഷ്ഠ, തിരുവാമ്പാടി ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലെ അഷ്ടബന്ധകലശം എന്നിവ ഒരുമിച്ചാണ് നടത്തുന്നത്. ഭക്തർക്ക് കുംഭാഭിഷേകം വീക്ഷിക്കാനും  കുംഭാഭിഷേകത്തിനു ശേഷം ദർശനത്തിനും സൗകര്യം  ഒരുക്കിയിട്ടുണ്ട്. ക്ഷേത്രത്തിലെ സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്.

✪✪✪

നിലമ്പൂർ വഴിക്കടവ് വെള്ളക്കട്ടയിൽ പന്നിശല്യം തടയാൻ വച്ച വൈദ്യുതി കമ്പിയിൽ തട്ടി പത്താം ക്ലാസ് വിദ്യാർഥിയായ അനന്തു വിജയ് മരിച്ചു. സംഭവത്തിൽ പരിക്കേറ്റ മറ്റൊരു കുട്ടിയെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഫുട്ബാൾ കളി കഴിഞ്ഞ് മടങ്ങിയ അഞ്ച് ആൺകുട്ടികളാണ് അപകടത്തിൽ പെട്ടത്. വഴിയിൽ കിടന്ന വൈദ്യുതി കമ്പിയിൽനിന്നാണ് ഇവർക്ക് ഷോക്കേറ്റതെന്ന് പ്രദേശവാസികൾ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്..........

സംഭവത്തിൽ പ്രതിഷേധിച്ച് പ്രമുഖ രാഷ്ട്രീയ പാർട്ടികൾ രംഗത്തെത്തി. ഗവൺമെന്റിന്റെ വീഴ്ചയാണ് കുട്ടിയുടെ മരണത്തിന് ഇടയാക്കിയതെന്ന് നിലമ്പൂരിലെ  UDF സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് കുറ്റപ്പെടുത്തി.

വൈദ്യുതി കെണികൾക്ക് KSEB മൗനാനുവാദം നൽകിയിട്ടുണ്ട്. ശക്തമായ നടപടി സ്വീകരിച്ചില്ലെങ്കിൽ പ്രക്ഷോഭം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാർത്ഥിയുടെ മരണം അതീവ ദുഃഖകരമാണെന്നും സംഭവത്തെ പറ്റി വിശദമായ അന്വേഷണം നടത്തണമെന്നും LDF സ്ഥാനാർഥി M. സ്വരാജ് ആവശ്യപ്പെട്ടു. അനധികൃതമായി വൈദ്യുതി കെണി വെയ്ക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കണമെന്നും അദ്ദേഹം ആവശ്യം ഉന്നയിച്ചു.

BJPയും സംഭവത്തിൽ പ്രതിഷേധിച്ചു. പാർട്ടി പ്രവർത്തകർ രാത്രി റോഡ് ഉപരോധിച്ചു.

നിലമ്പൂരിൽ UDF പ്രവർത്തകരുടെ റോഡ് ഉപരോധത്തിൽ പൊലീസുമായി ഉന്തുംതള്ളുമുണ്ടായി. പൊലീസ് സ്റ്റേഷനിലേക്ക് UDF പ്രവർത്തകർ മാർച്ചും നടത്തി.

✪✪✪

വഴിക്കടവിൽ സ്വകാര്യ വ്യക്തിയുടെ പറമ്പിലെ പന്നിക്കെണിയിൽ നിന്ന് ഷോക്കേറ്റ് വിദ്യാർഥി മരിച്ച സംഭവത്തിൽ വനംവകുപ്പിനോ ഗവണ്മെന്റിനോ പങ്കില്ലെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. സ്വകാര്യ വ്യക്തി ചെയ്ത തെറ്റിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ലെന്നും സംഭവം ഖേദകരമാണെന്നും മന്ത്രി അറിയിച്ചു. സംഭവം അന്വേഷിക്കുമെന്നും വനംവകുപ്പിന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ കടുത്ത നടപടി സ്വീകരിക്കുമെന്നും മന്ത്രി സ്വകാര്യ ചാനലിനോട് പറഞ്ഞു.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം അമേരിക്കൻ താരം കൊക്കോ ഗൗഫിന്. ഫൈനലിൽ ലോക ഒന്നാം നമ്പർതാരം ബലാറസിന്റെ അരിന സെബലങ്കയെ പരാജയപെടുത്തിയാണ് ഗൗഫ്, കന്നി റോളണ്ട് ഗാരോസ് കിരീടവും, രണ്ടാമത്തെ ഗ്രാൻഡ് സ്ലാമും സ്വന്തമാക്കിയത്. ഇതോടെ 2015-ൽ സെറീന വില്യംസിന് ശേഷം പാരീസിൽ സിംഗിൾസ് കിരീടം നേടുന്ന ആദ്യ അമേരിക്കൻ വനിതയും, 2002-ൽ വില്യംസിന് ശേഷം, US-ൽ നിന്ന് ഈ നേട്ടം കൈവരിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ താരവുമായി, 21 കാരിയായ കൊക്കോ ഗൗഫ്.

പുരുഷ സിംഗിൾസിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാനിക് സിന്നർ, രണ്ടാം സീഡ് സ്പാനിഷ് താരം കാർലോസ് അൽകാരസുമായി ഏറ്റുമുട്ടും.

വനിതാ ഡബിൾസിൽ,രണ്ടാം സീഡായ ഇറ്റാലിയൻ ജോഡി, സാറ എറാനിയും, ജാസ്മിൻ പൗളിനിയും ഇന്ന് കസാക്കിസ്ഥാന്റെ അന്ന ഡാനിലിന, സെർബിയയുടെ അലക്സാൻഡ്രിയ ക്രുണിക് ജോഡിയുമായി ഏറ്റുമുട്ടും.

✪✪✪

FIH പ്രോ ലീഗ് മത്സരത്തിൽ ഇന്ത്യൻ പുരുഷ ഹോക്കി ടീം നെതർലൻഡ്സിനോട് ഒന്നിനെതിരെ രണ്ട് ഗോളിന് പരാജയപ്പെട്ടു. ആംസ്റ്റൽവീനിലെ വാഗനർ ഹോക്കി സ്റ്റേഡിയത്തിൽ ഇന്ത്യയുടെ ആദ്യ മത്സരമായിരുന്നു ഇത്.

തോൽവിയോടെ, ഒമ്പത് മത്സരങ്ങളിൽ നിന്ന് 15 പോയിന്റുമായി പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനത്തായി. നെതർലൻഡ്സ്, 17 പോയിന്റുമായി ഒന്നാം സ്ഥാനത്താണ്. നാളെ ഇന്ത്യ വീണ്ടും നെതർലൻഡ്സിനെ നേരിടും

✪✪✪

ചൈനീസ് തായ്പേ-യിൽ തെയ്‌വാൻ അത്‌ലറ്റിക്സ് ഓപ്പൺ 2025 ന്റെ ആദ്യ ദിവസം ഇന്ത്യ ആറ് സ്വർണം നേടി. പുരുഷ - വനിതാ ഹർഡിൽസ് മത്സരങ്ങളിൽ ഇന്ത്യക്കാണ് സ്വർണം. ഒളിമ്പ്യൻ ജ്യോതി യാരാജി-യും, തേജസ് ഷിർസെ-യുമാണ് സ്വർണം സ്വന്തമാക്കിയത്. 110 മീറ്റർ റിലേയിലും ഇന്ത്യൻ പുരുഷ ടീമുകൾ സ്വർണം നേടി. വനിതകളുടെ 1500 മീറ്ററിൽ പൂജ, ടൂർണമെന്റിലെ ആദ്യ സ്വർണവും, പുരുഷ ട്രിപ്പിൾജംപിൽ അബ്ദുള്ള അബൂബക്കർ രണ്ടാം സ്വർണവും സ്വന്തമാക്കിയിരുന്നു. അത്‌ലറ്റിക്സ് ഇന്ന് സമാപിക്കും.

✪✪✪

എഴുത്തുകാരും ബുദ്ധിജീവികളും സാമൂഹിക വിദ്യാഭ്യാസ പ്രവർത്തകരും മലയാളത്തിന്റെ ഭാഗമാണെന്നും ഇവിടെ നിന്നുയരുന്ന ശബ്ദങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടെന്നും എഴുത്തുകാരിയും ജ്ഞാനപീഠം ജേതാവുമായ പ്രതിഭാ റോയ് പറഞ്ഞു. മാതൃഭൂമി സാഹിത്യ പുരസ്ക്കാരം കോഴിക്കോട്ട് സാറാ ജോസഫിന് സമ്മാനിച്ചു സംസാരിക്കുകയായിരുന്നു പ്രതിഭാ റോയ്.

✪✪✪

സ്വാതന്ത്ര്യസമര സേനാനി E.മൊയ്തു മൗലവി അനുസ്മരണം വൈകിട്ട് കോഴിക്കോട് DCC ഓഫീസിൽ നടത്തും. മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഇടുക്കി ഇരട്ടയാറിൽ പഞ്ചായത്തംഗത്തിന്റെ കടയിൽ നിന്ന് ഏഴ് കിലോയോളം കഞ്ചാവ് കണ്ടെടുത്തു. ഉപ്പുകണ്ടം ആലേപുരയ്ക്കൽ രതീഷിന്റെ കടയിൽ നിന്നാണ് കഞ്ചാവ് പിടികൂടിയത്. ഇയാളുടെ കടയിലെ ജീവനക്കാരായ രണ്ട് ഒഡിഷ സ്വദേശികളേയും പൊലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

കർണാടക സംഗീതജ്ഞൻ വെച്ചൂർ ഹരിഹര സുബ്രഹ്മണ്യ അയ്യരുടെ ഒരു വർഷത്തെ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് തിരുവനന്തപുരത്ത് തുടക്കമായി. തൈക്കാട് ഭാരത് ഭവനിൽ സംഗീതജ്ഞൻ കുമാര കേരള വർമ ആഘോഷം ഉദ്ഘാടനം ചെയ്തു. ആകാശവാണിയിൽ നീണ്ട കാലം വെച്ചൂർ ഹരിഹര സുബ്രഹ്മണ്യ അയ്യർ സ്റ്റാഫ് ആർട്ടിസ്റ്റായിരുന്നു.

✪✪✪

*News Editor : പി ചന്ദ്രബാബു,*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*